*Celebrating Extraordinary Missionary Month October 2019…*

**Saturday, 26 October 2019**

ഏലിയാ സ്ലീവാ മൂശാകാലം ഏഴാം ശനി

Jn 9:17-23

അന്ധന് കാഴ്ച

Fr. Winson Moyalan CMI

ജന്മനാ അന്ധനായ അയാൾ ഭിക്ഷ യാചിച്ചു ജീവിക്കുന്നവനായിരുന്നു. അവൻ യഹൂദന് ഇടർച്ചയായിരുന്നു. അവന്റെ വൈകല്ല്യത്തിന് കാരണം ഒന്നുകിൽ അവന്റെ മാതാപിതാക്കളുടെ പാപം അല്ലെങ്കിൽ അവന്റെ തന്നെ പാപം എന്നാണവർ വിധി കല്പിച്ചിരുന്നത്. (2)

എന്നാൽ ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടുന്നതിന് വേണ്ടി മാത്രമുള്ള ഒരു രോഗമായി യേശു അതിന് മറുപടി കൊടുക്കുകയും, അവന്റെ കണ്ണിന് കാഴ്ച നല്കുകയും ചെയ്യുന്നു.

കാരണം "ലോകത്തിലായിരിക്കുമ്പോൾ അവൻ ലോകത്തിന്റെ പ്രകാശമാണ്. " (5)
ഈശോയെ ലോകത്തിന്റെ പ്രകാശമാക്കുന്നത് - തന്നെ അയച്ചവന്റെ ജോലി ചെയ്യുന്നതുകൊണ്ടാണ്. "പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല." ( 5: 19 )

നമ്മുടെ സൽപ്രവർത്തികൾ കൊണ്ട് മറ്റുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തക്കവിധം നമ്മുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കണമെന്നാണ് യേശു പറഞ്ഞിരിക്കുന്നത്. (Mt 5:14)

ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടാകുന്ന ഏത് കാര്യവും ദൈവത്തിന്റെ പരിപാലനയിലുള്ളതാണ്. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഏത് തകർച്ചയും ദൈവമഹത്വത്തിനായി വന്നു ഭവിക്കും.

ദൈവത്തിലുള്ള ഈ ആശ്രയ ബോധം ഒരുവന്റെ മനസ്സിനെ തുറവിയുള്ളതാക്കുകയും അസാദ്ധ്യമെന്ന് കരുതുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യും. അതാണ് അന്ധനായ മനുഷ്യന്റെ കാര്യത്തിൽ സംഭവിക്കുന്നത്.

നമ്മുടെ ജീവിതത്തിലുണ്ടാകുന്ന ദൈവീക ഇടപ്പെടലുകളെ ഈ അന്ധനെപ്പോലെ തിരിച്ചറിയാനും, അംഗീകരിക്കാനും, ആരേയും ഭയപ്പെടാതെ സാക്ഷ്യപ്പെടുത്താനും കഴിയുന്നതാണ് യഥാർത്ഥ സുവിശേഷ പ്രഘോഷണം.

*Published by*
CMI General Department of Evangelization and Pastoral Ministry